(ബി) ഏതിൽ എത്രതോക്ക ജില്ലകളിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത ജില്ലകളിൽ അവ രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി മുതൽ സി) ജില്ലകളിൽ നിന്നും ലഭിച്ചിട്ടുള്ള നോമിനേഷനുകൾ പരിശോധിച്ച് സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം

11 [482] ശ്രീ. മാത്യു ടി തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന് 2001 മുതൽ 2004 വരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ ഓരോ വർഷവും എത്ര കേസ്സുകൾ വീതം തീർപ്പാക്കിയിട്ടുണ്ട്;

(ബി) സ്ത്രീപീഡനം സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ കമ്മീഷന്റെ പരിഗണനയിലുണ്ട്;

(സി) 2004 ഡിസംബർ 31-ാം തീയതി വരെ ആകെ എത്ര കേസ്സുകൾ കമ്മീഷൻ മുമ്പാകെ തീർപ്പാക്കാൻ അവശേഷിച്ചിരുന്നു;

(ഡി) കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള എത്രയെല്ലാം കേസ്സുകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) കമ്മീഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ)

വർഷം	ലഭിച്ച പരാതികൾ	തീർപ്പാക്കിയ കേസ്സുകൾ
2001	7092	4782
2002	6215	4886
2003	5947	3959
2004	4009	3118

(ബി) 3783 കേസ്സുകൾ.

(സി) 3827 കേസ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷന്റെ അഭിപ്രായം സംബന്ധിച്ച് സർക്കാർ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്നും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും വിശദമാക്കുമോ?

(1) കേസ് നമ്പർ 462/04/സി1

(2) കേസ് നമ്പർ 534/സി1/04

(3) കേസ് നമ്പർ 676/സി1/04

(സി) നിർദ്ദേശങ്ങളുണ്ടെങ്കിൽ പരിശോധിക്കാമോ?

വടകര താലൂക്കിലെ പൊതുവിതരണ സംവിധാനം സംബന്ധിച്ച പരാതികൾ

12 [495] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ പൊതു വിതരണ സംവിധാനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) സംവിധാനപ്രകാരം ഇതുവരെ ലഭിച്ച പരാതികൾ എത്ര വീതം തരത്തിലുള്ളവയാണ്;

(സി) കേരള സർവ്വീസ് റൂൾസിലെ ചട്ടങ്ങൾ പാലിക്കാതെ പൊതു വിതരണ സംവിധാനം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്തതിന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പരാതികൾ പരിഹരിക്കുന്നതിനായി ഏതെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താലൂക്ക് സപ്ലൈ) വടകര താലൂക്കിലെ പൊതുവിതരണ സംവിധാനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ താലൂക്ക് സപ്ലൈ ഓഫീസിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ഓരോ മാസവും ഓരോ റേഷൻ കടകൾ വീതം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. കൂടാതെ ഓരോ മാസവും ഓരോ റേഷൻ കടകൾ വീതം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം 5,11,590 (അഞ്ചുലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്) പേർ താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള 12 റേഷൻ കടകളിൽ 11,39,904 (പതിനൊന്നര ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാല്) രൂപ കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

† ഉത്തരം നൽകിയത് ശ്രീ. സി. കെ. നാണു.

LIBRARY ARCHIVES Kerala Legislative Assembly